SJD/214/2023-C3

I/82268/2023

<u>വിവരാവകാശം/മറുപടി</u>

സാമൂഹ്യനീതി ഡയറക്ടറേറ്റ്,
വികാസ് ഭവൻ, തിരുവനന്തപുരം
തീയതി :20-02-2023
Email - swdkerala@gmail.com
Phone - 0471 – 2306040

സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ
സാമൂഹ്യ നീതി ഡയറക്ടറേറ്റ്,
തിരുവനന്തപുരം.

ഷിജിന തൻസീർ
ഷിജ്ജ ഭവൻ, ആലപ്പുറംകുന്ന്
കോരാണി പി ഒ

സർ,

വിഷയം:- സാമൂഹ്യ നീതി വകുപ്പ് – വിവരാവകാശ നിയമം 2005 പ്രകാരം മറുപടി നൽകുന്നത് - സംബന്ധിച്ച്.

സൂചന :- താങ്കളുടെ 09/01/2023 തീയതിയിലെ അപേക്ഷ.

സൂചനയിലേയ്ക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ആയതിന്റെ മറുപടി ചുവടെ ചേർക്കുന്നു.

ചോദ്യം നമ്പർ 1 : ഇല്ല. ട്രാൻസ്ജെൻഡർ വ്യക്തികളുടെ കടബാധ്യത തീർക്കുന്നതിന് ധനസഹായം അനുവദിക്കുന്ന പദ്ധതികൾ നിലവിൽ ഇല്ല.

ചോദ്യം നമ്പർ 2 : 7 പരാതികൾ.

2 (a) : 7 എണ്ണം.

2(b): എല്ലാ പരാതികളിൻമേലും നടപടി സ്വീകരിച്ചിട്ടുണ്ട്. പരാതികളിൻ മേൽ സ്വീകരിച്ച നടപടികൾ ചുവടെ ചേർക്കുന്നു.

1) തന്റെ പേരിലുള്ള 5 സെൻറ് പുരയിടവും വീടും തിരുവനന്തപുരം കാർഷിക ഗ്രാമവികസന ബാങ്കിൻറെ കഴക്കൂട്ടം ബ്രാഞ്ചിൽ ലോൺ വെച്ചത് സംബന്ധിച്ച അപേക്ഷയിൻമേൽ ലോൺ അടച്ചു തീർക്കുന്നതിന് 6 മാസത്തെ സമയം അനുവദിയ്ക്കണമെന്നഭ്യർത്ഥിച്ച് കഴക്കൂട്ടം കാർഷിക ഗ്രാമവികസന ബാങ്ക് മാനേജർക്ക് കത്ത് നൽകിയിരുന്നു.

2) 2020 ജൂൺ 15 മുതൽ 2021 ജൂലൈ 7 വരെ ട്രാൻസ്ജെൻഡർ സെല്ലിൽ കരാർ അടിസ്ഥാനത്തിൽ പ്രൊജക്റ്റ് അസിസ്റ്റന്റ് ആയി ജോലി ചെയ്തിരുന്ന ഷിജിന തൻസീർ എന്ന ട്രാൻസ്ജെൻഡർ വ്യക്തി എക്സ്പീരിയൻസ് സർട്ടിഫിക്കറ്റ് നൽകണമെന്ന് ആവശ്യപ്പെട്ട് അപേക്ഷ സമർപ്പിച്ചിരുന്നു. എക്സ്പീരിയൻസ് സർട്ടിഫിക്കറ്റ് അനുവദിച്ചിട്ടുണ്ട്.

3 a) KSWDC നടത്തിയ പരിശീലന പരിപാടിയിൽ ടിയാൾക്ക് പങ്കെടുക്കുവാൻ കഴിഞ്ഞിരുന്നില്ല. ആയതിനാൽ ഓൺലൈൻ പരിശീലനം നടത്തുവാൻ കഴിയുമോയെന്നാരാഞ്ഞുകൊണ്ട് KSWDC മാനേജിംഗ് ഡയറക്ടർക്ക് കത്ത് നൽകിയിട്ടുണ്ട്.

3 b) വിവരങ്ങൾ ലഭ്യമാകുന്നതിനായി കേരള വനിതാ വികസന കോർപ്പറേഷനുമായി ബന്ധപ്പെടേണ്ടതാണ്.

4) ടിയാൾക്ക് വർണ്ണം പദ്ധതി പ്രകാരം സ്കോളർഷിപ്പ് അനുവദിക്കുന്നതിനായി സമർപ്പിച്ച അപേക്ഷയിൻമേൽ 16,160/- രൂപ ധനസഹായം അനുവദിച്ചിട്ടുണ്ട്.

5 & 6 ) TG cell -ലെ കരാർ ജീവനക്കാരിയായിരുന്ന ഷിജിന തൻസീറിന് 2021 ജൂലൈ മാസത്തെ വേതനം അനുവദിച്ചുകൊണ്ട് ഈ കാര്യാലയത്തിൽ നിന്നും ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

7) ട്രാൻസ്ജെൻഡർ വ്യക്തികൾക്കിടയിൽ ആത്മഹത്യാ പ്രവണത കറയക്കുന്നതിനുള്ള നടപടി സ്വീകരിയ്ക്കുന്നതിന് ഷിജിന അപേക്ഷ സമർപ്പിച്ചിരുന്നു. TG വ്യക്തികൾക്കിടയിലെ ആത്മഹത്യ പ്രവണത കുറയ്ക്കുന്നതിനായി കൌൺസിലിംഗ് അടക്കമുള്ള സേവനങ്ങൾ നൽകുന്നതിനായി ജില്ലകളിൽ നിന്നും തെരഞ്ഞെടുത്ത TG വ്യക്തികൾക്ക് Peer Support Practice പരിശീലനം നൽകിയിരുന്നു. ഇത്തരം പ്രവർത്തനങ്ങൾ വകുപ്പ് തുടർന്നും നടപ്പിലാക്കി വരുന്നുണ്ട്.

2(C) : 7 പരാതികളും പരിഹരിച്ചു.

ചോദ്യം നമ്പർ 3 (a) & (b) : കേരള വനിതാ വികസന കോർപ്പറേഷനാണ് വായ്പാ തുക അനുവദിയ്ക്കുന്നത്. ആയതിനാൽ വായ്പാതുക അനുവദിയ്ക്കാത്തത് സംബന്ധിച്ച വിവരങ്ങൾക്കും, വായ്പ സംബന്ധിച്ച വിവരങ്ങൾക്കും കേരള വനിതാ വികസന കോർപ്പറേഷനെ സമീപിയ്ക്കേണ്ടതാണ്.

ചോദ്യം നമ്പർ 4: (a) സംസ്ഥാന സാമൂഹ്യ നീതി വകുപ്പ് മുഖേന നൽകിയിട്ടുള്ള ഐ ഡി കാർഡുകൾ നിലവിൽ വകുപ്പ് മുഖേന നൽകുന്ന പദ്ധതികൾക്ക് മാത്രമാണ് പരിഗണിക്കുന്നത്. വകുപ്പ് മുഖേന പുതിയ ഐ ഡി കാർഡുകൾ നൽകുന്നില്ല. നിലവിൽ കേന്ദ്ര സർക്കാർ സംവിധാനമായ നാഷണൽ പോർട്ടലിൽ രജിസ്റ്റർ ചെയ്താണ് ID കാർഡ് ലഭ്യമാകുന്നത്. ടി കാർഡ് റദ്ദ് ചെയ്യുന്നതിനു നിലവിൽ സംവിധാനം ഇല്ല.

4(b) 2019 ലെ ട്രാൻസ്ജെൻഡർ അവകാശ സംരക്ഷണ നിയമപ്രകാരം സ്വയം സമർപ്പിക്കുന്ന സത്യാവാങ്മൂലം അടിസ്ഥാനമാക്കിയാണ് കേന്ദ്ര സർക്കാർ പുതിയ ഐ ഡി കാർഡുകൾ നൽകി വരുന്നത്.ടി ഐ ഡി കാർഡിൽ തിരുത്തൽ വരുത്തുന്നതിന് സ്വന്തം ലോഗ് ഇൻ ഐ ഡി ഉപയോഗിച്ച് നാഷണൽ പോർട്ടൽ ഫോർ ട്രാൻസ്ജെൻഡേഴ്സ് എന്ന വെബ് സൈറ്റിൽ അപേക്ഷ സമർപ്പിച്ചാൽ മതിയാകും. കൂടുതൽ വിവരങ്ങൾക്ക് അതാത് ജില്ലാ സാമൂഹ്യനീതി ഓഫീസുകളുമായി ബന്ധപ്പെടേണ്ടതുമാണ്.

മേൽ മറുപടിയിൽ താങ്കൾ തൃപ്തനല്ലെങ്കിൽ താങ്കൾക്ക് സാമൂഹ്യനീതി ഡയറക്ടറേറ്റ് അപ്പീൽ അധികാരിയ്ക്ക് 30 ദിവസത്തിനകം ചുവടെ ചേർത്തിട്ടുള്ള വിലാസത്തിൽ അപ്പീൽ അപേക്ഷ സമർപ്പിക്കാവുന്നതാണ്

**അഡീഷണൽ ഡയറക്ടർ & അപ്പീൽ അധികാരി,**
**സാമൂഹ്യനീതി ഡയറക്ടറേറ്റ്,**
**വികാസ് ഭവൻ 5th Floor,**
**തിരുവനന്തപുരം.**

SJD/214/2023-C3

I/82268/2023

വിശ്വസ്തതയോടെ,

സ്റ്റേറ്റ് പബ്ലികഇൻഫർമേഷൻ ഓഫീസർ &
അസിസ്റ്റന്റ് ഡയറക്ടർ
സാമൂഹ്യ നീതി ഡയറക്ടറേറ്റ്,
തിരുവനന്തപുരം.